**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5069 24.10.2011 ൽ മറുപടിക്ക്.**

**പേരാവൂർ, ഇരിട്ടി താലൂക്ക് ആശുപത്രികളിലെ ഡോക്ടർമാരുടെ തസ്തികകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ് | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| എ)പേരാവൂർ, ഇരിട്ടി താലൂക്ക് ആശുപത്രികളിൽ എത്ര ഡോക്ടർമാരുടെ തസ്തികകൾ അനുവദിച്ചിട്ടുണ്ട്; എത്ര ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട്; ഒഴിവുകൾ എത്ര; | എ) പേരാവൂർ താലൂക്ക് ആശുപത്രിയിൽ ആകെ 9 ഡോക്ടർമാരുടെ തസ്തികയാണ് അനുവദിച്ചിട്ടുള്ളത്. അതിൽ 4 ഡോക്ടർമാർ ജോലി ചെയ്യുന്നു. 5 ഒഴിവുകളുള്ളതിൽ ഒരു ഡോക്ടറെ അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. ഇരിട്ടി താലൂക്ക് ആശുപത്രിയിൽ ആകെ 11 തസ്തികകളാണുള്ളത്. ഇതിൽ മൂന്ന് ഡോക്ടർമാർ ജോലി ചെയ്യുന്നു. 8 ഒഴിവുകൾ നിലവിലുള്ളതിൽ ഒരു ഡോക്ടർ വർക്കിംഗ് അറേഞ്ച്മെന്റിലും, ഒരു ഡോക്ടർ അഡ്ഹോക്ക് വ്യവസ്ഥയിലും ജോലി നോക്കിവരുന്നു. |
| ബി)പ്രസ്തുത ഒഴിവുകൾ നികത്തുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;<br><br>സി)ആവശ്യമായ ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്തുവാൻ നടപടി സ്വീകരിക്കുമോ? | ബി) & സി) പി.എസ്.സി.യിൽ നിന്നും നിയമന നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതാണ്. സ്പെഷ്യാൽറ്റി കേഡറിലെ ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ പി.എസ്.സി മുഖേനയും പി.ജി.യുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ വാങ്ങിയും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മറ്റ് തസ്തികകളിൽ പ്രൊമോഷൻ വഴിയുള്ള നിയമനം നടത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ താൽക്കാലിക നിയമനം നടത്തിയും സി.ആർ.എസ് ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തിയും ഡോക്ടർമാരുടെ കുറവ് പരിഹരിക്കുവാൻ ശ്രമിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**